LIBRARY ARCHIVES Kerala Legislative Assembly

കൈവശഭൂമിക്ക് പട്ടയം ഉണ്ടായിരുന്നിട്ടും സ്ഥലം നൽകാത്ത കേസുകൾ

19 [1310] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കൈവശഭൂമിക്ക് പട്ടയം കിട്ടിയിട്ടും സ്ഥലം നൽകാത്ത എത്ര കേസുകൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജില്ലയിൽ എത്ര കേസുകൾ പരിഹരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ജില്ലയിൽ ഇനിയും പരിഹരിച്ചിട്ടില്ലാത്ത ഇത്തരം എത്ര കേസുകളുണ്ടെന്ന് വ്യക്തമാക്കുമോ; ഇവ പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അത്തരം കേസുകൾ നിലവിലില്ല.

(ബി & സി) ഉദിക്കുന്നില്ല.

പട്ടയങ്ങൾ വിതരണം ചെയ്യുന്നതിന് നടപടി

20 [1311] ശ്രീമതി മേഴ്സി രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ വിജയപുരം പഞ്ചായത്തിലെ ശാന്തിഗ്രാം, വലിയപ്പാറ, കൊശമറ്റം എന്നീ കോളനികളിലെ താമസക്കാർക്ക് പട്ടയം നൽകിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിന്റെ ജോലികൾ ഏത് ഘട്ടത്തിലാണ്;

(സി) എത്രയും വേഗം പട്ടയങ്ങൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പട്ടയം നൽകിയിട്ടില്ല.

(ബി) ശാന്തിഗ്രാം കോളനി നിവാസികൾക്ക് വീട് വയ്ക്കുന്നതിനായി ലോൺ എടുത്ത ഘട്ടത്തിൽ 1980-ൽ ഹൗസിംഗ് ബോർഡിന് സ്ഥലം കൈമാറിയിട്ടുള്ളതാണ്. അപേക്ഷകൾ ലോൺ തിരിച്ചടവ് വരുത്തി ഭൂമി ഹൗസിംഗ് ബോർഡിൽ നിന്നും

തിരികെ ലഭിക്കുന്ന മുറയ്ക്ക് പഞ്ചായത്തിന്റെ അനുമതിയോടെ പട്ടയ നടപടി സ്വീകരിക്കുന്നതാണ്. കൊശമറ്റം, വലിയപാറ നിവാസികൾ അപേക്ഷ സമർപ്പിച്ചിട്ടില്ല. അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

(സി) അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് നിയമാനുസരണം അർഹതയുള്ള കേസുകളിൽ പട്ടയങ്ങൾ നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

കണ്ണൻ ദേവൻ കമ്പനിയുടെ കൈവശമുള്ള വനഭൂമി

21 [1313] ശ്രീ. ടി. യു. രാധാകൃഷ്ണൻ:
,, വി. ബാലറാം:
,, തിരുവഞ്ചൂർ രാധാകൃഷ്ണൻ:
,, കെ. എ. ചന്ദ്രൻ:
,, വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാർ കണ്ണൻ ദേവൻ കമ്പനിയുടെ കൈവശത്തിലിരുന്ന എത്ര ഹെക്ടർ ഭൂമിയാണ് സർക്കാർ ഏറ്റെടുത്തിട്ടുള്ളത്;

(ബി) ഇതിൽ എത്ര ഹെക്ടർ ഭൂമി വനം വകുപ്പിന് വിട്ടുകൊടുക്കണമെന്നാണ് ഇതിനായി രൂപീകരിച്ച വിദഗ്ദ്ധ സമിതി റിപ്പോർട്ട് നൽകിയിട്ടുള്ളതെന്നും എന്നാണ് റിപ്പോർട്ട് നൽകിയത് എന്നും അറിയിക്കുമോ;

(സി) ഇതനുസരിച്ച് ഭൂമി വനം വകുപ്പിനെ ഏൽപ്പിച്ചിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ എന്തുകൊണ്ട് എന്നും വ്യക്തമാക്കുമോ;

(ഡി) വനം വകുപ്പിനെ ഏൽപ്പിക്കുവാൻ ഉദ്ദേശിച്ച ഭൂമിയിൽ എത്ര കയ്യേറ്റക്കാരുണ്ട് എന്നും ഇവ ഒഴിപ്പിക്കാത്തത് എന്തുകൊണ്ടാണെന്നും വിശദമാക്കാമോ?

ഉത്തരം

(എ) 29-3-1974-ലെ ലാന്റ് ബോർഡ് അവാർഡ് പ്രകാരം 70522.12 ഏക്കർ ഭൂമി സർക്കാർ ഏറ്റെടുത്തിട്ടുണ്ട്.

(ബി) തനത് സ്ഥിതിയിൽ നിലനിർത്തേണ്ടതായി 43,452.80 ഏക്കർ ഭൂമിയും വനവൽക്കരണത്തിനായി 17,922 ഏക്കർ ഭൂമിയും അങ്ങനെ ആകെ 61,374.80 ഏക്കർ ഭൂമി വനം വകുപ്പിന് കൈമാറുവാൻ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്.. വിദഗ്ദ്ധ സമിതി റിപ്പോർട്ട് നൽകിയത് 1977-ലാണ്.